**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **13-09-2023 - ൽ മറുപടിയ്ക്ക്**

**മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ വിതരണ ശൃംഖലകൾ സൃഷ്ടിച്ച് വ്യാപാരം നടത്തുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യവും നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ Vihan Direct Selling (India) Pvt. Ltd (Q Net) എന്ന സ്ഥാപനത്തിനെതിരെ ലഭിച്ച പരാതിയിൽ ക്രൈംബ്രാഞ്ച് പ്രാഥമിക അന്വേഷണം നടത്തി വരുന്നു.<br><br>സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ചില ജില്ലകളിൽ ഇത്തരം കമ്പനികളുടെ പ്രവർത്തനം നടക്കുന്നുണ്ടെന്ന പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ GST നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കമ്പനികളെ നിയന്ത്രിക്കാൻ സർക്കാർ സംവിധാനം ഒരുക്കുമോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കാൻ സർക്കാർ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ഡയറക്ട് സെല്ലിങ്ങിനെയും, ഡയറക്ട് സെല്ലേഴ്സിനെയും നിയന്ത്രിക്കുന്നതിനുള്ള മോണിറ്ററിംഗ് മെക്കാനിസം നടപ്പിലാക്കുന്നതിന് സർക്കാർ 28-03-2023ലെ സ.ഉ.(പി) നം.6/2023/ഉകാവ പ്രകാരം മാർഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മൾട്ടി ലെവൽ മാർക്കറ്റിംഗ് ബിസിനസ് നടത്തുന്നവരെ നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ സപ്ലൈ ഓഫീസർമാരെ 18-10-21ലെ സ.ഉ.(പി) നം.18/2021/സിഎഡി പ്രകാരം |

| | | | |
|---|---|---|---|
| | | | ച്ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ജില്ലാ പോലീസ് മേധാവികളെ അറിയിച്ചിട്ടുണ്ട്. |
| (സി) | 2019-ലെ ഉപഭോക്തൃ നിയമം പാലിക്കാത്ത പ്രസ്തുത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | മണി ചെയിൻ, പിരമിഡ് സ്കീമുകൾ എന്നിവ നടത്തി ജനങ്ങളെ തട്ടിപ്പിനിരയാക്കുന്ന വ്യാജ കമ്പനികൾക്കെതിരെ ഉപഭോക്തൃകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | മണി ചെയിൻ, പിരമിഡ് സ്കീമുകൾ എന്നിവ 2019ലെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം നിരോധിച്ചിട്ടുണ്ട്. ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കുന്നതിനും എല്ലാ തരത്തിലുമുള്ള പിരമിഡ് സ്കീമുകളും മണിസർക്കുലേഷൻ സ്കീമുകളും അന്യായമായ വ്യാപാര സമ്പ്രദായങ്ങളും തടയുന്നതിനും സർക്കാർ ഒരു മോണിറ്ററിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി ചെയർമാനും, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ കൺവീനർ& നോഡൽ ഓഫീസറുമായ പ്രസ്തുത മോണിറ്ററിംഗ് അതോറിറ്റിയിൽ ധനകാര്യ വകുപ്പ് സെക്രട്ടറി, ലോ സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി, ലീഗൽ മെട്രോളജി കൺട്രോളർ, ഭക്ഷ്യസുരക്ഷാ കമ്മീഷണർ, CGST കമ്മീഷണർ, SGST കമ്മീഷണർ, ADGP റാങ്കിലുള്ള ഒരു പോലീസ് ഓഫീസർ, ഒരു വിഷയ വിദഗ്ധൻ എന്നിവർ അംഗങ്ങൾ ആണ്. |
| (ഇ) | ഓൺലൈൻ വ്യാപാരങ്ങൾ വ്യാപകമാകുന്ന ഈ കാലഘട്ടത്തിൽ ഉപഭോക്തൃ ബോധവൽക്കരണത്തിന് കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. സംസ്ഥാനത്ത് ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിപുലമായ രീതിയിൽ നടത്തിവരുന്നു. കലാജാഥ, പരസ്യചിത്രങ്ങൾ, അനിമേഷൻ ചിത്രം, പോസ്റ്റർ പ്രചരണം, സോഷ്യൽ മീഡിയ വഴി ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദേശീയ അന്തർദേശീയ ഉപഭോക്തൃ ദിനങ്ങളിൽ പ്രത്യേക പരിശീലന പരിപാടികൾ, ഉപഭോക്തൃ ബോധവത്ക്കരണ ക്ലാസുകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയുള്ള ബോധവത്ക്കരണം എന്നിവയും നടത്താറുണ്ട്. ഓൺലൈൻ വഴിയുള്ള വിവിധ തട്ടിപ്പുകളെ കുറിച്ചും ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെ കുറിച്ചും ബോധവത്ക്കരണ പരിപാടികളും പ്രചാരണവും നാഷണൽ സർവീസ് സ്കീം, വോളണ്ടറി കൺസ്യൂമർ ഓർഗനൈസേഷനുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ വഴിയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ